**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1908** **05-07-2022 - ൽ മറുപടിയ്ക്ക്**

**കോഴി ഇറച്ചിയുടെയും കോഴിമുട്ടയുടെയും ഉല്പാദനത്തിൽ സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴി ഇറച്ചിയുടെയും മുട്ടയുടെയും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെ ആണെന്ന് വിശദമാക്കാമോ? | (എ) | ഇറച്ചി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് കേരള ചിക്കൻ പദ്ധതിയും, മുട്ട ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് മൃഗസംരക്ഷണവകുപ്പിന്റെ പൗൾട്രി ഫാമുകളിൽ നിന്നും മുട്ടക്കോഴി കുഞ്ഞുങ്ങളെ സർക്കാർ അംഗീകാരമുള്ള എഗ്ഗർ നഴ്സറി മുഖേന വളർത്തി സർക്കാരിന്റെ തന്നെ ജനകീയാസൂത്രണ പദ്ധതി മുഖേനെയും ഡിപ്പാർട്ട്മെന്റ് മുഖേനയും സർക്കാർ നിരക്കിൽ വിതരണം നടത്തുന്നു.<br><br>തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന കെപ്കോയുടെ ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഇറച്ചക്കോഴിക്കുഞ്ഞുങ്ങളെ കോൺട്രാക്ട് ഫാമിംഗ് പദ്ധതിയിലൂടെ കുടുംബശ്രീ യൂണിറ്റുകൾക്ക് വളർത്താൻ നൽകുകയും 45 ദിവസം പ്രായമാകുമ്പോൾ കെപ്കോ തന്നെ വിലയ്ക്കെടുത്ത് സ്വന്തം പ്രോസസിംഗ് പ്ലാൻറിൽ സംസ്കരിച്ച് കോഴിയിറച്ചിയും അനുബന്ധ ഉൽപ്പന്നങ്ങളുമാക്കി കെപ്കോ ഏജൻസികൾ വഴി ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ കെപ്കോ ഏജൻസികൾ പ്രവർത്തിച്ചു വരുന്നു. അതിനു പുറമെ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ചെറുകിട കോഴി വളർത്തൽ കർഷകർക്ക് കുടപ്പനക്കുന്ന് ഹാച്ചറിയിൽ നിന്നും മിതമായ നിരക്കിൽ നൽകുന്നു.<br><br>ഇപ്പോൾ പ്രതിവർഷം 12 ലക്ഷം ഇറച്ചി ക്കോഴിക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്ന ഈ ഫാമിൽ നിന്നും 20 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം നടക്കുന്നു. കൂടാതെ 'വനിതാമിത്രം', 'കെപ്കോ ആശ്രയ', പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കു വേണ്ടിയുള്ള പ്രത്യേക |

| | | | |
|---|---|---|---|
| | | | പദ്ധതി, ബ്ലോക്ക് പഞ്ചായത്ത് തല കോഴിവളർത്തൽ പദ്ധതി എന്നിവയും നടപ്പിലാക്കുന്നുണ്ട്. കെപ്കോ നടപ്പാക്കിയ വിവിധ പദ്ധതികളിലൂടെ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഏകദേശം 74 കോടി മുട്ട അധികമായി ഉൽപാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട് തത്ഫലമായി അയൽ സംസ്ഥാനങ്ങളിൽ നിന്നുമുള്ള കോഴിമുട്ടയുടെ വരവ് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ